Starred Qestions Posted for Answer on 13-10-1955
S. P. W. R. Fund.

* 860. [1] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്സ്. പി. ഡബ്ലിയു. ആർ. ഫണ്ട് ഇനത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ എന്തു തുകയുണ്ടായിരുന്നു ; ഇപ്പോൾ 15-6-1955-ൽ എന്തു തുക നീക്കിയിരുപ്പുണ്ട് ;

(ബി) ഈ ഫണ്ടിൽനിന്നു ഇതിന്റെ മാനേജ്മെന്റു തുടങ്ങിയ കാര്യങ്ങൾക്കായി ശമ്പളമിനത്തിൽ (എസ്റ്റാബ്ലിഷ്മെന്റിനു) മാസം എന്തു തുക ചെലവാകുന്നു ;

(സി) ഈ ഫണ്ടുവിനിയോഗത്തെ സംബന്ധിച്ചു നിബന്ധനകളെന്തെല്ലാം ആണ് ; എക്സ് സർവീസുകാരായ വ്യക്തികൾക്കു് ലോൺ, ഗ്രാന്റ് തുടങ്ങിയ സഹായങ്ങൾ നൽകുന്നതിനു് ഈ തുക വിനിയോഗിക്കാമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) എസ്സ്. പി. ഡബ്ലിയു. ആർ. ഫണ്ട് ഇനത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ ആകെ മൊത്തം 41,32,811 രൂപ ഉണ്ടായിരുന്നു. 1-7-1955-ലെ നീക്കിയിരിപ്പ് രൂപ 31,73,487-2-10 ആണ്.

(ബി) ഈ ഫണ്ടിന്റെ മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾക്കായി ശമ്പളമിനത്തിൽ മാസം 674 രൂപ വീതം ചെലവാകുന്നുണ്ട്.

(സി) ഈ ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ചു് താഴെ പറയുന്ന നിബന്ധനകളാണുള്ളതു് :—

1. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള combatants – നേറെയും non-combatants – നേറെയും പൊതുനന്മയ്ക്ക് (collective benefit)–നുവേണ്ടിയാണ് ഈ ഫണ്ടു് ഉപയോഗിക്കേണ്ടതു്.

2. ഒരു രാജ്യത്തെ ജനങ്ങളുടെ പൊതുവേയുള്ള നന്മയ്ക്കുവേണ്ടി ഗവണ്മെന്റ് സാധാരണ ഗതിയിൽ നടത്തുന്ന സാമൂഹ്യവികസനപദ്ധതികൾക്കു് ഈ ഫണ്ടു് വിനിയോഗിക്കാൻ പാടുള്ളതല്ല.

3. താഴെ വിവരിക്കുന്ന പദ്ധതികൾക്കുവേണ്ടി ഫണ്ടു് ഉപയോഗിക്കാവുന്നതാണ്.

എ. എക്സ് സർവീസുകാരുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾ നൽകുക.

ബി. സോഷ്യൽ ജോഴ്സ് ബോർഡിനോടനുബന്ധിച്ചു് റസ്റ്റ് ഹൗസ്, ലൈബ്രറി മുതലായവ നിർമ്മിക്കുക.

സി. എക്സ് സർവീസുകാരുടെയും അവരുടെ ആശ്രിതരുടെയും ആരോഗ്യസംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുക.

ഡി. കോഓപ്പറേറ്റീവു് വർക്ഷോപ്പുകൾ, കാളനികൾ, ചെറുകിടവ്യവസായങ്ങൾ മുതലായവ ആരംഭിക്കുക.

ഇ. എക്സ് സർവീസുകാരുടെ സാങ്കേതിക വിദ്യാഭ്യാസത്തിനു സഹായിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തികൾക്കു സാധാരണഗതിയിൽ ഫണ്ടിൽനിന്നു ലോണോ ഗ്രാന്റോ കൊടുക്കുന്നതല്ല. പക്ഷെ യുദ്ധസേവനംകൊണ്ടു് ശേഷിക്കുവു സംഭവിച്ചിട്ടുള്ള വ്യക്തികൾക്കു് ഏതെങ്കിലും തൊഴിൽചെയ്തു ഉപജീവനം കഴിക്കുന്നതിനുവേണ്ടിയുള്ള സാധനസാമഗ്രികൾ വാങ്ങികൊടുക്കാവുന്നതാണു്. എക്സ് സർവീസുകാരായ വ്യക്തികൾക്കു് സഹകരണാടിസ്ഥാനത്തിൽ (Thrift and Credit Society) അഞ്ഞൂറു (500) രൂപയിൽ കൂടുതലല്ലാത്ത ലോൺ കൊടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

എക്സ് സർവീസ് സ്ത്രീകൾക്കുവേണ്ടിയുള്ള ഫണ്ടു്.

* 861. [2] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമൻസ് വെൽഫയർ ഫണ്ടു് എന്ന പേരിൽ എക്സ് സർവീസ് സ്ത്രീകൾക്കുവേണ്ടി പ്രത്യേകമൊരു ഫണ്ടു് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആകെ എന്തു തുകയുണ്ടായിരുന്നു ; നീക്കിയിരിപ്പു് എത്ര ;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ എക്സ് സർവീസ്കാരായ സ്ത്രീകളെത്ര ; ഇവരിൽ എത്രപേർക്കു ഈ ഫണ്ടിൽനിന്നു ആനുകൂല്യം ലഭിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) ആകെ തുക 9,500 രൂപ; നീക്കിയിരിപ്പു് 1455 രൂ. 5 ണ.

(സി) തിരുവിതാംകൂർ–കൊച്ചിയിലെ എക്സ് സർവീസുകാരായ സ്ത്രീകളുടെ എണ്ണം എടുത്തിട്ടില്ല. ആകെ 42 പേർക്കു ഈ ഫണ്ടിൽനിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടു്.

കൊലക്കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള പരാതികൾ.

* 862. [6] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ മേൽ കൊലക്കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള എത്ര പരാതികൾ നിലവിലുണ്ടു് ;

(ബി) തിരുവനന്തപുരം സ്വദേശിയും ഒരു പാൽകാരവക്കാരനുമായിരുന്ന വി. ശ്രീധരൻപിള്ള കന്റോൺമെന്റു് പോലീസ് സബ്ബ് ഇൻസ്പെക്ടർ ആയിരുന്ന മി. കരുണാകരക്കുറുപ്പിന്റെയും മറ്റും മർദ്ദനംമൂലം ആശുപത്രിയിൽ ചികിത്സയിലിരുന്നുകൊണ്ടു് ഒരു പരാതി സമർപ്പിച്ചിട്ടില്ലേ ;

(സി) അന്വേഷണമധ്യേ വി. ശ്രീധരൻപിള്ള മരണമടഞ്ഞിട്ടുണ്ടോ ;

(ഡി) തുടർന്നുള്ള നടപടികൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :

(എ) മൂന്നു്.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly